"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കിലയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ശ്രീമതി. ബിന്ദു വി.കെ. മുതൽ പേർ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് ഹർജി(സി) നം10016/2019 നമ്പർ കേസിലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്

സ.ഉ.(കൈ) നം.120/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 17/08/2020

---

പരാമർശം:- 1. ശ്രീമതി. ബിന്ദു വി.കെ., ശ്രീമതി. രജനി എം. എൻ., ശ്രീമതി. ശ്രീലത എസ്. എന്നിവർ സർക്കാരിൽ സമർപ്പിച്ച നിവേദനങ്ങൾ.

2. റിട്ട് ഹർജി(സി) നം10016/2019 നമ്പർ കേസിൽ ബഹു. ഹൈക്കോടതിയുടെ 01.04.2019-ലെ വിധിന്യായം.

3. കില ഡയറക്ടറുടെ 16.05.2019-ലെ കില/2016/101/12624 നമ്പർ കത്ത്.

**ഉത്തരവ്**

കിലയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ശ്രീമതി. ബിന്ദു വി.കെ., ശ്രീമതി. രജനി എം. എൻ., ശ്രീമതി. ശ്രീലത എസ്. എന്നിവർ തങ്ങൾക്ക് സ്ഥിരനിയമനം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് ബഹു. ഹൈക്കോടതി മുമ്പാകെ റിട്ട് ഹർജി(സി) നം.10016/2019 നമ്പരായി കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിൽ ഒന്നാം എതിർ കക്ഷിയായ സർക്കാർ, പരാമർശം (1) പ്രകാരമുള്ള നിവേദനങ്ങൾ പരിശോധിച്ച് പരാതിക്കാരെയും രണ്ടാം എതിർ കക്ഷിയായ കിലയെയും നേരിൽ കേട്ട് വിധിന്യായം ലഭിച്ച് മൂന്നു മാസത്തിനുള്ളിൽ തീർപ്പാക്കണമെന്ന് പരാമർശം (2) പ്രകാരം ബഹു. ഹൈക്കോടതി ഉത്തരവായിരുന്നു.

2) കിലയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന പരാതി കക്ഷികൾ തങ്ങളെ ജോലിയിൽ സ്ഥിരപ്പെടുത്തണമെന്നഭ്യർത്ഥിച്ച് സർക്കാരിൽ 22.03.2019-ൽ നിവേദനങ്ങൾ (Exhibits P9, P10, P11) സമർപ്പിച്ചിരുന്നു. പരാമർശം (2) പ്രകാരമുള്ള ബഹു.ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, 13.06.2019-ൽ പരാതിക്കാരെയും കിലയുടെ പ്രതിനിധിയെയും നേരിൽ കേൾക്കുകയുണ്ടായി. പത്തു വർഷത്തിലധികമായി കിലയിൽ ജോലി ചെയ്യുന്ന തങ്ങളെ സ്ഥിരപ്പെടുത്തണമെന്ന് പരാതി കക്ഷികൾ ഹിയറിംഗ് സമയത്ത് അഭ്യർത്ഥിച്ചു. ജോലിയിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാരാണ് തീരുമാനിക്കേണ്ടതെന്നും 10 വർഷം തികഞ്ഞ ജീവനക്കാരെ സർക്കാർ നടപടികൾ പ്രകാരം ആവശ്യമെങ്കിൽ കരാർ വ്യവസ്ഥയിൽ നിയമിക്കാമെന്നും സൂചന (3) പ്രകാരം കില ഡയറക്ടർ അറിയിച്ചു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്നവരെ സ്ഥിരപ്പെടുത്തുവാൻ വ്യവസ്ഥയില്ലാത്തതിനാൽ, കിലയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ശ്രീമതി.ബിന്ദു.വി.കെ., ശ്രീമതി. രജനി എം. എൻ., ശ്രീമതി. ശ്രീലത എസ്. എന്നിവരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

4) ഈ സാഹചര്യത്തിൽ, കിലയിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ശ്രീമതി. ബിന്ദു വി.കെ., ശ്രീമതി. രജനി എം.എൻ., ശ്രീമതി. ശ്രീലത എസ്. എന്നിവരെ ജോലിയിൽ

സ്ഥിരപ്പെടുത്തണമെന്ന പരാമർശം (1) പ്രകാരമുള്ള Exhibits P9, P10, P11 എന്നിവയിലെ ആവശ്യം നിരസിച്ചുകൊണ്ടും ഇപ്രകാരം ശ്രീമതി. ബിന്ദു വി.കെ. മുതൽപേർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി(സി) നം.10016/2019 നമ്പർ കേസിലെ പരാമർശം (2) പ്രകാരമുള്ള വിധിന്യായം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഹരികുമാർ എ എസ്**

**അണ്ടർ സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖക്കത്ത് സഹിതം)

ഡയറക്ടർ ജനറൽ, കില, തൃശ്ശൂർ.
പരാതി കക്ഷികൾക്ക്. (കില ഡയറക്ടർ ജനറൽ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (E&RSA/G&SSA), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.